# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1803 – 04/05/2017 – ലെ മറുപടിക്ക്

## വാർഷിക പദ്ധതി

**ചോദ്യം**

**ഉത്തരം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ആകെ വാർഷിക പദ്ധതി എത്രയായിരുന്നു; | 2016-17 സാമ്പത്തിക വർഷം വാർഷിക പദ്ധതിയായ 30,570.17 കോടി രൂപയിൽ (പ്രത്യേക കേന്ദ്ര സഹായ പദ്ധതി ഉൾപ്പെടെ) 25,200.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി | വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവ യുടെ വിഹിതം എത്രയായിരുന്നു; എത്ര ചെലവാക്കി; ശതമാന ക്കണക്കിൽ വ്യക്തമാക്കുമോ; | വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയുടെ വിഹിതവും ചെലവും സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| ഇനം | പദ്ധതി വിഹിതം | ചെലവ് | ശത മാനം |
|---|---|---|---|
| വിവിധ സർക്കാർ വകുപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) | 25070.17 | 21228.49 | 85 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 5500 | 3971.97 | 72 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 6534.17 | 4983.68 | 76 |

<table>
<tr><td>സി</td><td>വിവിധ സർക്കാർ വകുപ്പുകളിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിലുള്ള മെല്ലെപ്പോക്ക് പ്രത്യേകമായി പരിശോധിക്കുമോ;</td><td>മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ ത്രൈമാസാവസാനവും കൂടുന്ന പ്ലാൻ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി (Plan Expenditure Review Committee) യോഗങ്ങളിലും എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പദ്ധതി അവലോകനം നടത്തുകയും സമയാസമയങ്ങളിൽ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഈ യോഗങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളിൽ പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.</td></tr>
<tr><td>ഡി</td><td>എം.എൽ.എ. ആസ്തി വികസന ഫണ്ടുകൾക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടും ധനകാര്യ വകുപ്പിനെ കാണിച്ച് അംഗീകാരം വാങ്ങി ഭരണാനുമതി നൽകുന്ന കാര്യത്തിൽ വീഴ്ച വരുത്തിയത് പരിശോധിക്കുമോ;</td><td rowspan="2">എം.എൽ.എ. ആസ്തി വികസന ഫണ്ടുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ ലഘൂകരണം ആവശ്യമാണെന്ന എം.എൽ.എ. മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>ഇ</td><td>എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുള്ള കടമ്പകൾ പരിശോധിക്കുമോ; ഭരണാനുമതി ലഭിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പ് അധികാരികൾക്ക് നൽകുമോ; നടപടി സ്വീകരിക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**